പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3587 — 22.08.2017 ൽ മറുപടിയ്ക്ക്

ഓരോ പഞ്ചായത്തിലും ഓണം/ ബക്രീദ് ചന്തകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | വരുന്ന ഓണക്കാലത്ത് പൊതു വിതരണ കേന്ദ്രങ്ങൾ വഴി ന്യായവിലയ്ക്ക് യഥേഷ്ടം അരിയും പലവ്യഞ്ജനങ്ങളും ലഭ്യമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സപ്ലൈകോയുടെ നിലവിലുള്ള വിൽപ്പനശാലകൾ വഴിയുള്ള വിതരണത്തിനുപുറമെ, ഓണക്കാലത്ത് പ്രത്യേക ഫെയറുകളും, മാർക്കറ്റുകളും വഴിയും നിത്യോപയോഗസാധനങ്ങൾ വിപണി വിലകളേക്കാൾ കുറഞ്ഞ വിലയിൽ ഉപഭോക്താക്കൾക്കെത്തിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ഇത്തരത്തിൽ 1,470 വിൽപ്പന കേന്ദ്രങ്ങൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നതുമാണ്. |
| (ബി) | സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഓണം/ബക്രീദ് കാലത്ത് ഓരോ പഞ്ചായത്തിലും ഓണം/ബക്രീദ് ചന്തകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉത്സവകാല വിപണിയിടപെടലിന്റെ ഭാഗമായി ജില്ലാ ഫെയറുകളും, താലൂക്ക് തല ഫെയറുകളും, പ്രത്യേക ഓണച്ചന്തകളും നടത്തുന്നതും സപ്ലൈകോ വിൽപ്പന ശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും, വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ